8395
19/8/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിലും അനക്സിലും ജില്ലാ ഓഫീസുകളിലും കമ്പ്യൂട്ടർ, പ്രിന്റർ, ലാപ്ടോപ്പ്, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

====================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.520/2014/സാനീവ തിരുവനന്തപുരം, തീയതി, 13.08.2014.

====================================================================

പരാമർശം : 1. 15.01.2014 ലെ സ.ഉ(സാധാ) 40/14/സാനീവ നമ്പർ ഉത്തരവ്

2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 17.07.2014 ലെ IT/18103/14 നമ്പർ കത്ത്

3. 21.07.2014 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം

## ഉത്തരവ്

സാമൂഹ്യനീതി വകുപ്പ ഡയറക്ടറേറ്റിലും അനക്സിലും ജില്ലാ ഓഫീസുകളിലും ആവശ്യത്തിന് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കാൻ അഭ്യർത്ഥിച്ചുകൊണ്ടുള്ള സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 24 കമ്പ്യൂട്ടറുകളും 19 പ്രിന്ററും വാങ്ങുന്നതിന് സൂചന ഒന്നിലെ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ, MIS സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട് ഫയൽ ട്രാക്കിംഗ് സോഫ്റ്റ്‌വെയർ ഉൾപ്പെടുത്താൻ നിശ്ചയിച്ചിരിക്കുന്ന സാഹചര്യത്തിൽ, പ്രസ്തുത കാര്യാലയത്തിലെ മുഴുവൻ സീറ്റുകളിലും കമ്പ്യൂട്ടർ അത്യാവശ്യമാണെന്നും ആയതിലേയ്ക്കായി സാമൂഹ്യനീതി ഡയറക്ടറേറ്റിലും അനക്സിലും ജില്ലാ സാമൂഹ്യനീതി ഓഫീസുകളിലും ക്ഷേമ സ്ഥാപനങ്ങളിലും ആവശ്യമായ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, ലാപ്ടോപ്പുകൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകണമെന്നും പ്രൊപ്പോസൽ പരാമർശം രണ്ട് പ്രകാരം സാമൂഹ്യനീതി വകുപ്പ ഡയറക്ടർ സമർപ്പിച്ചു. 21.07.2014 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസൽ പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ, സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിലെയും അനക്സിലെയും ജില്ലാ ഓഫീസുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ വർദ്ധിപ്പിക്കുന്നതിനും ഭരണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സാമൂഹ്യനീതി വകുപ്പ ഡയറക്ടർ സൂചന രണ്ട പ്രകാരം സമർപ്പിച്ച പ്രൊപ്പോസലിലെ പട്ടികയിൽ സൂചിപ്പിച്ച പ്രകാരം കമ്പ്യൂട്ടർ, പ്രിന്റർ, ലാപ്ടോപ്പ്, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ കെൽട്രോൺ മുഖാന്തിരം വാങ്ങുന്നതിന് ഭരണാനുമതി നൽകിയും ആയതിലേയ്ക്ക് 88,40,450/- രൂപ മാത്രം (എൺപത്തിയെട്ട് ലക്ഷത്തി നാൽപ്പതിനായിരത്തി നാനൂറ്റി അമ്പത് രൂപ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-001-96(പ്ലാൻ) ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഡോ. കെ.എം. എബ്രഹാം
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരള , തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ & ഇ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്

സാമൂഹ്യനീതി (എ) വകുപ്പ്

വെബ് & ന്യൂ മീഡിയാ വിഭാഗം(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

കരുതൽ ശേഖരം, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ